**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - കുടുംബശ്രീ സംസ്ഥാന മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായ ശ്രീമതി. സ്മിത എസ്.റ്റി., എൽ.ഡി.ക്ലർക്ക്, കൊപ്പം ഗ്രാമപഞ്ചായത്ത് പാലക്കാട് - അന്യത്രസേവനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.1114/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 31/05/2019**

---

പരാമർശം:- 1. 10.05.2013 തീയതിയിലെ 42/2013/Fin നം. സർക്കുലർ
2. 28.11.2013 തീയതിയിലെ സ.ഉ.(പി) നം. 580/2013/Fin
3. 18/01/2016 തീയതിയിലെ സ.ഉ(സാധാ) നം. 170/16/തസ്വഭവ
4. 25/04/2017 തീയതിയിലെ സ.ഉ(സാധാ) 1313/2017/തസ്വഭവ
5. 05/03/2018 തീയതിയിലെ സ.ഉ(സാധാ) 620/2018/തസ്വഭവ
6. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21/12/2018-ലെ 745//ഇ 1/16/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് കൊപ്പം ഗ്രാമപഞ്ചായത്തിലെ എൽ.ഡി ക്ലർക്ക് ആയ ശ്രീമതി. സ്മിത. എസ്.റ്റി-യെ കുടുംബശ്രീ സംസ്ഥാനമിഷൻ ഓഫീസിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3)ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിക്കുകയും പരാമർശം(4), (5) പ്രകാരം ടിയാളുടെ അന്യത്രസേവനം 28/01/2019 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു.

(2) ടിയാളുടെ അന്യത്രസേവന കാലാവധി **28/01/2019** തീയതിയിൽ അവസാനിച്ച സാഹചര്യത്തിൽ **29/01/2019** തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം **(6)**-ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പാലക്കാട് കൊപ്പം ഗ്രാമപഞ്ചായത്തിലെ എൽ.ഡി ക്ലർക്ക് ആയ ശ്രീമതി. സ്മിത എസ്.റ്റി-യുടെ കുടുംബശ്രീ സംസ്ഥാന മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലെ അന്യത്ര സേവനകാലം കേരള സർവ്വീസ് റൂൾ **(140 സി)** പ്രകാരമുള്ള വ്യവസ്ഥകൾക്കു വിധേയമായി **29/01/2019** മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**വി. നാഗേന്ദ്രൻ**
**ഗവൺമെന്റ് ഡെപ്യൂട്ടി സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിക്ക് (പഞ്ചായത്ത് ഡയറക്ടർ മുഖേന)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (എൽ.ബി.എ) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**